(ബി) ഇതിന്റെ നിർമ്മാണ പുരോഗതി ഏതുവരെയായെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്തടുക്ക-കരിവേടകം വില്ലേജുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് NRDWP-യിൽ ഉൾപ്പെടുത്തി 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ സ്രോതസ്സായ ഇൻ ടേക്ക് വെൽ നിർമ്മിക്കുന്നതിന് പനത്തടി വില്ലേജിൽ ഉൾപ്പെട്ടതും റീ-സർവ്വേ നമ്പർ 271/7-ൽ വരുന്നതുമായ 10 സെന്റ് സ്ഥലം പനത്തടി പഞ്ചായത്ത് ഇതുവരെയും ജല അതോറിറ്റിക്ക് കൈമാറിയിട്ടില്ല. 7.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതലടാങ്ക് നിർമ്മിക്കുന്നതിന് ബന്തടുക്ക വില്ലേജിൽ റീസർവ്വേ നമ്പർ 148-ൽ 15 സെന്റ് സ്ഥലം ലഭ്യമാക്കാൻ കുറ്റിക്കോൽ പഞ്ചായത്ത് അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 4.5 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയ്ക്ക് ആവശ്യമായതും കരിവേടകം വില്ലേജിലെ റീ - സർവ്വേ നമ്പർ 106/1-ൽ ഉള്ളതുമായ 50 സെന്റ് സർക്കാർ വക സ്ഥലം ലഭിക്കുന്നതിനായി ജില്ലാ കളക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ട്.

കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണം

154 (2363) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടമക്കുടി പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) മൂപ്പത്തടം ടാങ്ക് കമ്മീഷൻ ചെയ്തതിനുശേഷം പഴയ പൈപ്പ്ലൈനിലൂടെ എല്ലായിടത്തും കുടിവെള്ളം ലഭിക്കുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പഴയ പൈപ്പ്ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; പദ്ധതി നടപ്പിൽ വരുന്നതിന് അടിയന്തരമായി അനുമതി നൽകുമോ ;

(ഡി) വരാപ്പുഴ - കടമക്കുടി ലൈനിൽ കുറ്റമറ്റ രീതിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജിഡ ധനസഹായത്തോടുകൂടി കടമക്കുടി പഞ്ചായത്തിനുവേണ്ടിയുള്ള മുപ്പത്തടം ശുദ്ധജല വിപുലീകരണ പദ്ധതി 2014 മേയ് മാസം കമ്മീഷൻ ചെയ്തു. പുതിയതായി മുപ്പത്തടത്ത് സ്ഥാപിച്ച ജലശുദ്ധീകരണ ശാലയിൽ നിന്നുള്ള ശുദ്ധജലം പിഴലയിൽ നിലവിലുള്ള ഉപരിതല ജലസംഭരണിയിൽ ശേഖരിച്ച് അവിടെ നിന്ന് പുതിയതായി സ്ഥാപിച്ച എച്ച്.ഡി.പി.ഇ. പമ്പിംഗ് മെയിനുകൾവഴി കോതാട്, പിഴല പാലിയംതുരുത്ത് എന്നീ ഉന്നതതല സംഭരണികളിലേയ്ക്ക് പമ്പ് ചെയ്ത് പഞ്ചായത്ത് പ്രദേശത്ത് വിതരണം നടത്തിവരുന്നു.

(ബി) കടമക്കുടി പഞ്ചായത്തിൽ നിലവിലുള്ള വിതരണ ശൃംഖല വളരെ കാലപ്പഴക്കം വന്നതായതിനാൽ അധികമായി ലഭിച്ച ശുദ്ധജലം കാര്യക്ഷമമായി തുല്യ അളവിൽ എല്ലാ പ്രദേശങ്ങളിലും എത്തിക്കുവാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി കടമക്കുടി പഞ്ചായത്തിലെ മുഴുവൻ വിതരണ ശൃംഖലയും നവീകരിക്കുന്നതിനുവേണ്ടി ഏകദേശം 12 കോടിയോളം രൂപ വരുന്ന പുതിയ പദ്ധതിയുടെ രൂപകൽപ്പന കേരള വാട്ടർ അതോറിറ്റി ചെയ്തുവരുന്നു.

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ഡി) ജിഡ ധനസഹായത്തോടുകൂടി നടപ്പിലാക്കിയ ടി പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത്തടത്തുനിന്നും കടമക്കുടി പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കോതാട് പാലിയംതുരുത്ത് ടാങ്കുകളിൽ കയറ്റി നിലവിലുള്ള വിതരണ ശൃംഖലയുമായി യോജിപ്പിച്ച് ജലവിതരണം നടന്നുവരുന്നു. അതുപോലെ വരാപ്പുഴയിൽ മണ്ണംതുരുത്തിൽ നിർമ്മിച്ച ടാങ്കുവഴി പഴയ വിതരണ ശൃംഖലയിൽ കൂടി വരാപ്പുഴ പഞ്ചായത്തിലും ജലവിതരണം നടന്നുവരുന്നു. കടമക്കുടി പഞ്ചായത്തിലെ പിഴല ടാങ്കിന്റെ പണി പൂർത്തിയായിട്ടില്ല. എന്നിരുന്നാലും ടി. പ്രദേശത്ത് മറ്റ് സോണുകളിൽ നിന്ന് വാൽവ് ക്രമീകരിച്ച് വെള്ളം കൊടുത്തുവരുന്നു. കടമക്കുടി-വരാപ്പുഴ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയിലെ പൈപ്പുകൾ ബലവത്തല്ലാത്തതുകൊണ്ടും വളരെയധികം കാലപ്പഴക്കം ചെന്നതിനാലും കൂടുതലായി എത്തിയ വെള്ളം വിതരണം ചെയ്യാനുള്ള വ്യാസം പൈപ്പുകൾക്കില്ലാത്തതിനാലും ടി പഞ്ചായത്തുകൾക്ക് പുതിയ പദ്ധതിയുടെ പൂർണ്ണ പ്രയോജനം ലഭിച്ചിട്ടില്ല. വിതരണ ശൃംഖല പുതുക്കി ബലവത്താക്കുന്നതിലേയ്ക്കായി വരാപ്പുഴയ്ക്ക് 15 കോടി രൂപയുടെയും കടമക്കുടിക്ക് 12 കോടി രൂപയുടെയും പ്രോജക്ട് റിപ്പോർട്ട് കേരള ജല അതോറിറ്റി തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly